**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6429**

**08.07.2014 ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹനവകുപ്പ് ഓഫീസുകളിൽ ക്യാമറ സ്ഥാപിക്കാൻ നടപടി**

ചോദ്യം
ശ്രീ. എം.എ.വാഹീദ്:
ശ്രീ.വി.ഡി.സതീശൻ:
ശ്രീ.ഐ.സി.ബാലകൃഷ്ണൻ:
ശ്രീ.അൻവർ സാദത്ത്:

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എല്ലാ മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലെ ഓഫീസുകളിലും ക്യാമറകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഇതിനു വേണ്ടിയുള്ള ഒരു നിർദ്ദേശം കെൽട്രോൺ ഗതാഗത കമ്മീഷണർക്ക് സമർപ്പിച്ചിരുന്നു. മോട്ടോർ വാഹന വകുപ്പിലെ FAST (Fully Automated Services in Transport Department) പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി ഈ നിർദ്ദേശത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ ഗതാഗത കമ്മീഷണർ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും | ഈ സംവിധാനം ഉപയോഗിച്ച് ഒരു ആഫീസിലെ മുഴുവൻ പ്രവർത്തനങ്ങളും ആഫീസ് മേധാവിക്ക് തന്റെ കമ്പ്യൂട്ടറിൽ കാണാൻ കഴിയുന്നു. ഇതുമൂലം ആഫീസിൽ വരുന്ന എല്ലാ പേരെയും നിരീക്ഷിക്കുന്നതിനും ആഫീസ് മേധാവിയ്ക്ക് കഴിയുന്നു. കൂടാതെ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് ഓരോ ആഫീസിലെയും പ്രവർത്തനങ്ങൾ തന്റെ ആഫീസിൽ ഇരുന്നു തന്നെ അപ്പപ്പോൾ പരിശോധിക്കാൻ കഴിയുന്നു. ഇതു മൂലം സ്ഥിരമായി ആഫീസിൽ വരുന്നവരെ നിരീക്ഷിക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും കഴിയും എന്ന് കരുതുന്നു. |
| (സി) | മോട്ടോർ വാഹന വകുപ്പിൽ ഇടനിലക്കാരെ ഒഴിവാക്കുവാൻ ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | | |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | കെൽട്രോൺ സമർപ്പിച്ച നിർദ്ദേശത്തിനാണ് അംഗീകാരം നൽകിയത്. മറ്റ് ഏജൻസികളെയൊന്നും ഇതുമായി ബന്ധപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ